## പതിമൂന്നാം കേരള നിയമസഭ
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 887** **29/09/2011 -ൽ മറുപടിക്ക്**

## <u>സർക്കാർ എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംരക്ഷണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സർക്കാർ - എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (എ) സർക്കാർ - എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനും, പഠന നിലവാരവും പഠന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അൺ-എയ്ഡഡ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് മുമ്പ് വിശദമായ പരിശോധന നടത്തുകയും സ്കൂളിന്റെ ആവശ്യകത നിർബന്ധമായും പരിശോധിക്കുകയും ചെയ്യുന്നുണ്ട്. ശമ്പളം ലഭിക്കാത്ത അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയ വിശദമായ പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ട്. റഗുലർ നിയമനം നടത്തുന്നതിന് കാലതാമസം നേരിടുന്ന സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും പ്രസ്തുത നിയമനങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ വേതനം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ